[ശ്രീ. ഈ. പി. പൗലോസ്]

Revenue Divisional Officer in cases in which it is proved that there was partial or complete failure of crops owing to the defect in the irrigation system.

(d) Remission of cess in excess of the limit fixed by Government may be granted by the Board of Revenue on the recommendation of the Collector.

(e) The extent of remission may be fixed in the proportion that the loss bears to the normal annual gross income.

(f) Remission may be granted either by reduction in demand, or by refund of the excess if the cess has already been collected.

(g) When there is complete failure of crops owing to shortage of water supply remission shall be invariably granted.

രണ്ടുമൂന്നു വർഷം കഴിഞ്ഞിട്ടു റെമിഷൻ വന്നുകൂടാ എന്നു തീരുമാനിക്കുന്നു. കരുകു ചെയ്തു കഴിഞ്ഞാൽ തിരിയെ കൊടുക്കാം എന്നല്ലാതെ നടപടി നിറുത്തിവയ്പ്പാൻ പ്രയാസമാണു്. എന്നിരുന്നാലും അംനൗപചാരികമായി വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കൃഷി നാശം നേരിട്ട കണ്ടു ആർ. ഡി. ഓ, തന്നെ നേരിട്ടു സ്റ്റേ ഓർഡർ പുറപ്പെടുവിക്കാമെന്നു പറയുന്നതു ശരിയല്ല. കൂടാതെ ഈ പാർഷ്യൽലോസിനെല്ലാം ഇങ്ങനെ ഒരു തീരുമാനം എടുക്കുന്നതിനു ബുദ്ധിമുട്ടുണ്ടു്. പലരും പാർഷ്യൽലോസു് ഉണ്ടായിട്ടുണ്ടെന്നു പരാതിപ്പെടും. അതെല്ലാം നോക്കി കണ്ടു പിടിക്കുവാൻ പ്രയാസമാണു്. ഈ അസംബ്ലി കഴിഞ്ഞാൽ ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി റവന്യു മന്ത്രി സമഗ്രമായ ചർച്ച നടത്തണമെന്നു വച്ചിരിക്കുകയാണു്. ഇതിനെറയെല്ലാം വെളിച്ചത്തിൽ പ്രമേയം പ്രസു് ചെയ്യരുതെന്നു് ഞാൻ അപേക്ഷിക്കുകയാണു്

ശ്രീ. എം. നാരായണക്കുറുപ്പു് : ബഹുമാനപ്പെട്ട മന്ത്രി മൂന്നു ഇനം പറഞ്ഞു മൂന്നാമത്തതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. ഈ. പി. പൗലോസ്: ഇടയ്ക്കു് ഒരു ചോദ്യം ചോദിച്ചപ്പോൾ ആ കാര്യം വിട്ടുപോയതാണു്. ആകു്ട അനുസരിച്ചു വെള്ളം കിട്ടിയിരുന്നാലും ഇല്ലെങ്കിലും ഭാഗികമായിട്ടു നികുതി കൊടുക്കണമെന്നാണു്. എട്ടുകൊല്ലം മുമ്പു കൃഷി നടത്തിയിരുന്നതു ഈ വെള്ളം കിട്ടിയിട്ടാണോ അല്ലയോ എന്നൊക്കെ ഇപ്പോൾ കണ്ടുപിടിക്കുന്നതിനു ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു ഭാഗികമായിട്ടു നികുതി കൊടുക്കണമെന്നാണു് ആകുടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു അതേപ്പറ്റി ഇപ്പോൾ ഒന്നും പറയുവാൻ നിവൃത്തിയില്ല. ആലോചിക്കേണ്ട ഒരു വിഷയമാണു് ഇതു്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

Deputy Speaker: Mr. Vasu, do you accept the amendment of Shri O. Koran.

Shri M. V. Vasu: Madam' I accept the amendment of Shri O. Koran and I Press the resolution.

The Resolution moved by Shri M. V. Vasu, as amended, was put and lost.

Resolution No. 2.

Appointment of a Committee for the evaluation of the Implementation of labour legislations, awards and agreements entered into between organisations of workers and managements.

ശ്രീ. പി. രവീന്ദ്രൻ : മാഡം, ഞാൻ രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു:—

LIBRARY ARCHIVES Kerala Legislative Assembly

"This House recommenbs to the Government to appoint a Committee of the Members of this House to evaluate the implementation of labour legislations, awards and agreements entered into between organisations of workers and managements of Government-owned industries including the State Transport Department."

ഗവണ്മെൻറുടമയിലുള്ള വ്യാവസായികസ്ഥാപനങ്ങളിലും, സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലും തൊഴിൽ നിയമങ്ങളും, അവാർഡുകളും, കരാറുകളും ഇവ നടപ്പിലാക്കുന്നതിനെസംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തുന്നതിന് ഈ സഭയിലെ അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ളതാണ് എൻെറ പ്രമേയംമൂലം ആവശ്യപ്പെടുന്നത്. ഗവണ്മെൻറുടമയിലുള്ള എല്ലാ വ്യവസായസ്ഥാപനങ്ങളേയും ഒന്നൊന്നായി എടുത്തു പരിശോധിക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിനുള്ള സമയവും കിട്ടുകയില്ല. അങ്ങനെ പരിശോധിക്കാൻ തുടങ്ങിയാൽ വിക്രമാദിത്യൻ കഥകളും പറയുന്നതുപോലെ വളരെയധികം കഥകളും പറയുവാനുണ്ടാകും. അങ്ങനെ ഈ സന്ദർഭത്തിൽ പറയണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അരി വെന്തുവോയെന്നും നോക്കുന്നതിനും കലത്തിലെ ഒരരി മാത്രം എടുത്തു നോക്കിയാൽ മതിയാകും. അല്ലാതെ എല്ലാ അരിയും നോക്കേണ്ട ആവശ്യമില്ല. അതുപോലെ ഇക്കാര്യത്തിൽ ഒരു വ്യവസായശാലയുടെ കഥമാത്രം പരിശോധിച്ചുനോക്കിയാൽ മതിയാകുമെന്നാണ് എൻെറ വിശ്വാസം. അതിനുവേണ്ടി തിരുവനന്തപുരത്തുള്ള റബ്ബർഫാക്ടറി ഒന്നാമതായി എടുക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവിടെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള പ്രക്ഷോഭണം ഒരു സന്ദർഭത്തിലുണ്ടായി. അന്ന് കൂലിയുടെ മുഴുവൻ ഘടനയും പരിശോധിക്കണമെന്നുള്ള അഭിപ്രായം ഗവണ്മെൻറിൽനിന്നും ഉണ്ടായി. അതു പരിശോധിക്കുന്നതിനുവേണ്ടി എക്കോൺ കമ്പനി, ഇൻജിനീയറിംഗ് കൺസൾട്ടൻസിനെ നിയമിച്ചു. അവർ റബ്ബർ ഫാക്ടറി സന്ദർശിച്ച് അവിടത്തെ വേജ് സ്ട്രക്ചറിനെപ്പറ്റി സൂക്ഷ്മമായി പഠിച്ചതിനുശേഷം ഒരു റിപ്പോർട്ട് തയാറാക്കുകയുണ്ടായി. ആ റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അങ്ങനെയൊരു റിപ്പോർട്ട് തയാറാക്കുന്നതിനുവേണ്ടി ആ കമ്പനിക്ക് മുപ്പതിനായിരത്തോളം രൂപ ഗവണ്മെൻറു നൽകുകയുണ്ടായി. ആ റിപ്പോർട്ടിൽ കൂലിയുടെ ഘടനയെസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നു. ആ റിപ്പോർട്ട് അനുസരിച്ചുള്ള കൂലി അവിടത്തെ തൊഴിലാളികൾക്ക് കൊടുക്കുകയോ, ആ റിപ്പോർട്ട് നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ആ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് തൊഴിലാളികളും ആവശ്യപ്പെട്ടു. എന്നിട്ടും നടപ്പിലാക്കാതിരുന്നപ്പോൾ തൊഴിലാളികളും ഒരു സ്റ്റേ ഇൻ സ്ട്രൈക്ക് ആരംഭിച്ചു. അതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതിനു ഗവണ്മെൻറ് ഒരു കാൺഫ്രൻസ് നടത്തുകയുണ്ടായി. ആ കാൺഫറൻസിൽ വെച്ച്, ചില സാങ്കേതിക തടസ്സങ്ങളാണ് റിപ്പോർട്ട് നടപ്പിലാക്കാതിരുന്നതിനു കാരണമായി ചൂണ്ടിക്കാണിച്ചത്. എങ്കിലും തൊഴിലാളി സംഘടനകളും മറെറാരു കാര്യം ചെയ്തു. അതായത് ഈ റിപ്പോർട്ട് ഗവണ്മെൻറു പരിശോധിച്ചതിനുശേഷം എന്തു തീരുമാനം എടുക്കുന്നതിനും ഞങ്ങളും സമ്മതിച്ചിരിക്കുന്നുവെന്നും അവർ ഒരു ബ്ലാങ്ക് ചെക്ക് കൊടുക്കുകയുണ്ടായി. അവിടെ വ്യവസായ ഡയറക്ടറായ ശ്രീ വിശ്വനാഥൻനായർ പ്രതികൂലമായ ഒരു നിലപാടാണ് സ്വീകരിച്ചത്. അതിൻെറ ഫലമായി വീണ്ടും തർക്കമുണ്ടായി. തർക്കം ഉണ്ടായതിൻെറ ഫലമായി അത് ആർബിട്രേഷനു വിട്ടു. ശ്രീ. കെ. എൻ. കുഞ്ഞുകൃഷ്ണപിള്ള ആയിരുന്നു അതിലെ ആർബിട്രേറർ. അതിൻെറ ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് എക്കോൺ കമ്പനിയുടെ റിപ്പോർട്ട് ഇംപ്ലിമെൻറു ചെയ്യാമോ പാടില്ലയോ എന്നുള്ളതിനെപ്പറ്റിയും വേജ് എങ്ങനെ ഇംപ്ലിമെൻറു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചുമായിരുന്നു അതിൽ പ്രധാനമായിട്ടുണ്ടായിരുന്നത്. ആ സന്ദർഭത്തിൽ ആർബിട്രേറർ ആവശ്യപ്പെട്ട റിപ്പോർട്ട് തയാറാക്കിയ എക്കോൺ കമ്പനിയിലെ ഒരാളെ അസസ്സറായി കിട്ടണമെന്നും, അതിലേയ്ക്കു വേണ്ടി അദ്ദേഹം ഗവണ്മെൻറിലേയ്ക്ക് എഴുതി. പക്ഷെ വ്യവസായ ഡയറക്ടർ അതിനെയും പ്രതികൂലമായ ഒരു നിലപാടാണ് എടുത്തത്. അദ്ദേഹം ഗവണ്മെൻറിനെ ഉപദേശിച്ച് അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

ആളെ അയച്ചുകൊടുക്കേണ്ട ആവശ്യമില്ലെന്നു്. അതനുസരിച്ചു് ഗവണ്മെൻറിൽനിന്നും "Government do not want to appoint an assessor", ഇങ്ങനെയെഴുതി. പക്ഷെ അസസറെ കിട്ടിയില്ലെങ്കിലും ആ റിപ്പോർട്ട് കോടതിയ്ക്കു് ശരിയായി പരിശോധിക്കാൻ സാധിച്ചിട്ടുണ്ടു്. അതനുസരിച്ചു് കൂലിയെ സംബന്ധിച്ചുള്ള ശുപാർശകളും നടപ്പിലാക്കണമെന്നു് കോടതി ആവശ്യപ്പെട്ടു. അതനുസരിച്ചുള്ള അവാർഡും കൊടുത്തു. പക്ഷെ മൂന്നു വർഷം കഴിഞ്ഞിട്ടും ഇതുവരെയും ആ അവാർഡു നടപ്പിലാക്കിയിട്ടില്ല. റബ്ബർ ഫാക്ടറിയിലെ തൊഴിലാളികൾക്കു് കൂലി കൂട്ടുതൽ കൊടുക്കുന്നതിനെപ്പറ്റി ഉള്ള ശുപാർശ അംഗീകരിക്കപ്പെടുമെന്നും അതു് നടപ്പിലാക്കപ്പെടുമെന്നുമുള്ള പ്രതീക്ഷയോടുകൂടി അവിടെയുള്ള തൊഴിലാളികൾക്കു് കൂലി അഡ്വാൻസായി കൊടുക്കുകയുണ്ടായി. പക്ഷെ റിപ്പോർട്ട നടപ്പിലാക്കാതിരുന്നപ്പോൾ അഡ്വാൻസായി കൊടുത്ത കൂലി തിരിച്ചെടുക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറിൽനിന്നും സ്വീകരിച്ചു. തൊഴിലാളികൾക്കു് കൂലി കൂട്ടുതൽ കൊടുക്കുന്നതിന്റെ ഫലമായി അവർ ആത്മാർത്ഥമായി ജോലി ചെയ്യുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ അൻപതു് ശതമാനത്തോളം വർദ്ധനവു ഉല്പാദനരംഗത്തുണ്ടാകുമെന്നു് ഗവണ്മെൻറു് തന്നെ മനസ്സിലാക്കിയിട്ടുണ്ടു്. ഇങ്ങനെ ഉല്പാദനം വർദ്ധിപ്പിച്ചാൽ കൂടുതൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അതുകൊണ്ടാണു് കൂലി വർദ്ധനവിനുള്ള ശുപാർശകളും നടപ്പിലാക്കാത്തതെന്നും ഗവണ്മെൻറു് അറിയിക്കുകയുണ്ടായി. അതിനെ തുടർന്നു് ഗവണ്മെൻറിൽനിന്നും അഡ്വാൻസായി കൊടുത്ത കൂലി തിരിച്ചെടുക്കുന്നതിനുള്ള നടപടികളാരംഭിച്ചു. കൊടുത്ത ശമ്പളം തിരിച്ചു് ഈടാക്കുന്നതു് പേയ്മെൻറു ഓഫു് വേജസു് ആക്ടനുസരിച്ചു് തെറ്റാണെന്നു് തൊഴിലാളി സംഘടന വാദിച്ചു. വ്യവസായ ഡയറക്ടർ അവിടെയും മുക്കുമുഷ്ടി പിടിക്കുകയുണ്ടായി. വീണ്ടും തൊഴിലാളി സംഘടന ഒരു ക്ലെയിം പെറ്റീഷൻ കോടതിയിൽ കൊടുക്കുകയുണ്ടായി. അതു് കോടതി സുഗമമായി പരിശോധിച്ചതിനുശേഷം അഡ്വാൻസു് കൊടുത്തതു് തിരിച്ചു പിടിച്ചതു് മടക്കി കൊടുക്കണമെന്നു് ഉത്തരവു പുറപ്പെടുവിച്ചു. 7500 രൂപവരെ മടക്കി കൊടുക്കണമെന്നാണു് കോടതിയുടെ വിധി ഉണ്ടായിരുന്നതു്. പക്ഷെ കോടതിയുടെ ആ വിധിയും ഗവണ്മെൻറു നടപ്പിലാക്കിയിട്ടില്ല. കോടതിയുടെ മാന്യതയെ സംബന്ധിച്ചും, പരിശുദ്ധിയെ സംബന്ധിച്ചും വാ തോരാതെ പ്രസംഗിക്കുന്നവരാണു് അതു് നടപ്പിലാക്കാത്തതു്. ഒരു അപ്പീൽ ഡിസ്ട്രിക്ടു് കോടതിയിൽ കൊടുക്കുകയുണ്ടായി. പക്ഷെ ഡിസ്ട്രിക്ടു കോടതിയിൽ ആ അപ്പീൽ തള്ളിക്കളയുകയാണു് ചെയ്തതു്. മാത്രമല്ല കീഴ് കോടതിയുടെ വിധി നടപ്പിലാക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു. ക്രിമിനൽ പ്രൊസീഡിയറിലെ 386—ാം വകുപ്പനുസരിച്ചു് വാറണ്ടു് ഇഷ്യു ചെയ്തതിനുശേഷം മാത്രമാണു് അഡ്വാൻസ്തുക തിരിച്ചുകൊടുക്കുന്നതിനുള്ള നടപടികളും എടുത്തതു്. അങ്ങനെ പേയ്മെൻറു് ഓഫു് വേജസു് ആക്ടിനു വിരുദ്ധമായി പ്രവർത്തിക്കുകയും, വാറണ്ടു് ഇഷ്യു ചെയ്യുന്ന ഘട്ടംവരെ ഈ പ്രശ്നത്തെ നീട്ടിക്കൊണ്ടുപോവുകയും ചെയ്തു. സർ, ഇതാണോ ഭുവനേശ്വർ സോഷ്യലിസം ഇവിടെ നടപ്പിലാക്കണമെന്നും മറ്റും പറയുന്നതു്. ഭുവനേശ്വർ സോഷ്യലിസം ഒരു ചക്കടവണ്ടി പോകുന്നതു പോലെയാണോ? കോഡു് ഓഫു് ഡിസിപ്ലിൻ മാതൃകയായി സ്വീകരിച്ചതു് കാര്യങ്ങളും നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണു്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് ഗവണ്മെൻറുടമയിൽ നടത്തുന്ന ബാലരാമപുരം സ്പിന്നിംഗ്മില്ലിൽ ഉണ്ടായിട്ടുള്ള ഒരു പ്രശ്നത്തെ സംബന്ധിച്ചാണു്. അവിടെ കൂലിയെ സംബന്ധിച്ചു് ഒരു തർക്കം ഉണ്ടായി. അതിൽ ടെക്സ്റ്റയിൽ വേജു് ബോർഡും, ടെക്സ്റ്റയിൽ ഐ. ആർ. സി. യും എടുത്ത തീരുമാനങ്ങളും കാറ്റിൽ പറത്തുകയാണുണ്ടായതു്. ആ വ്യവസായ ശാലയിലെ ഡയറക്ടർ ബോർഡിലെ ചെയർമാനും നമ്മുടെ വ്യവസായ ഡയറക്ടർ തന്നെയാണു്. ഇവിടത്തെ വ്യവസായ ഡയറക്ടറായ ശ്രീ. വിശ്വനാഥൻ നായർ ഒരു കരംപിരിവു ഉദ്യോഗസ്ഥന്റെ സകലവിധത്തിലുള്ള ധീരതയോടുകൂടിയാണു് ഇവിടത്തെ തൊഴിൽ പ്രശ്നങ്ങളെ സമീപിക്കുന്നതു്. തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

മുതലാളി ബന്ധത്തെസംബന്ധിച്ചോ തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ചോ യാതൊന്നും മനസ്സിലാക്കാതെ ഒരു കരംപിരിവു ഉദ്യോഗസ്ഥന്റെ മനോഭാവത്തോടുകൂടിയാണു് നമ്മുടെ വ്യവസായ ഡയറക്ടർ അധികാരം കൈകാര്യം ചെയ്യുന്നതെന്നു് കാണാവുന്നതാണു്.

കണ്ണറയിലുള്ള കേരള സിറാമിക്സ് ഫാക്ടറിയിൽ ഈയിടെ ഒരു കരാർ ലംഘനം ഉണ്ടായിട്ടുണ്ടു്. 1960—61—ൽ ഉല്പാദനം സ്വയമേവ വർദ്ധിപ്പിക്കുന്നതിനു് അവിടെയുള്ള തൊഴിലാളികളും തയ്യാറായി. അവിടെയുള്ള തൊഴിലാളികളുടെ ഡി. എ. യിലും അടിസ്ഥാന ശമ്പളത്തിലും എന്തെങ്കിലും വർദ്ധനവുണ്ടാക്കി, അവരുടെ സാമ്പത്തിക വരുമാനത്തിൽ അല്പം മെച്ചം ഉണ്ടാക്കിക്കൊടുക്കാമെന്നു് അവിടത്തെ മാനേജ്മെന്റു് തൊഴിലാളികളോടു പറഞ്ഞു. അങ്ങനെ അവിടത്തെ തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ ഒരു കരാർ ഉണ്ടാക്കുകയും, തൊഴിലാളികൾ സ്വമേധയാ ഉല്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും, വർദ്ധിപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഡി. എ. യിലും ബേസിക്കു് പേയിലും വർദ്ധനവുണ്ടാകണമെന്നു് ഗവണ്മെന്റിനോടു ആവശ്യപ്പെട്ടപ്പോൾ, ഗവണ്മെന്റിൽനിന്നും അവർ ഉണ്ടാക്കിയ കരാർ പിൻവലിക്കുകയുണ്ടായി. അങ്ങനെ ഗവണ്മെന്റു് അതിൽ നിന്നും പിൻമാറുകയുണ്ടായി. അവിടത്തെ ഡയറക്ടർ ബോർഡു കൂടിയ അവസരത്തിൽ ഈ കരാർ പരസ്യമായി ലംഘിക്കുകയാണു് ചെയ്തതു്. ഇക്കാര്യങ്ങളെപ്പറ്റി ഈ സഭ വളരെ ഗൗരവമായി ആലോചിക്കേണ്ടതാണു്.

അതുപോലെതന്നെ ഞാൻ മറ്റൊരു ഉദാഹരണം പറയാം. തൃശ്ശൂരിൽ മഹാലക്ഷ്മി എന്നു് പേരായ ഒരു മിൽ പ്രവർത്തിക്കുന്നുണ്ടു്. അതു് ആദ്യം ഗവണ്മെന്റാണു് നടത്തിയിരുന്നതു്. കുറെക്കഴിഞ്ഞപ്പോൾ ആ മിൽ സ്വകാര്യവ്യക്തികൾക്കു് വിട്ടുകൊടുത്തു. ഇപ്പോൾ സ്വകാര്യവ്യക്തികളുടെ കീഴിലാണു് അതു് പ്രവർത്തിക്കുന്നതു്. ഗവണ്മെന്റിൽനിന്നും ആ മിൽ സ്വകാര്യ വ്യക്തികൾക്കു് വിട്ടുകൊടുത്ത സന്ദർഭത്തിൽ അവിടെയുള്ള കുറെ തൊഴിലാളികൾക്കു് ഗ്രാറ്റുവിറ്റി കൊടുക്കാമെന്നായിരുന്നു. ആ ഗ്രാറ്റുവിറ്റി കൊടുത്തതിനെ സംബന്ധിച്ചു് ദീർഘമായ കൂടിയാലോചനകൾ നടന്നു. ഒടുവിൽ ഒരു തീരുമാനവും എടുക്കാതെ പരാജയപ്പെട്ടതിന്റെ ഫലമായി അതു് ടൈബൂണലിലേയ്ക്കു് വിടേണ്ട ഘട്ടം വരെയായി. തൊഴിലാളികൾക്കു കൊടുത്തിരിക്കുന്ന ഗ്രാറ്റുവിറ്റിയുടെ കണക്കുകൾ തിട്ടപ്പെടുത്തി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്ടിലെ 25—ാം വകുപ്പു് ഈ, എഫ്, ഡി അനുസരിച്ചു് തൊഴിലാളികൾക്കു് പതിനഞ്ചു ദിവസത്തെ ശരാശരി വരുമാനം കൊടുക്കണം എന്നാണു്. അതായതു് ''ഫിഫ്റ്റീൻ ഡേയിസ് ആവറേജ് പേ'' (Fifteen days' Average pay) എന്നാണു്. എന്നാൽ അതു വ്യവസായ ഡയറക്ടറുടെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം പതിമൂന്നു് ദിവസമാക്കി. അദ്ദേഹത്തിന്റെ കണക്കനുസരിച്ചു് ഒരു മാസത്തിൽ ആകെ ജോലിയുള്ള ദിവസം ഇരുപത്തിയാറു മാത്രമേ കാണുകയുള്ളൂ, അതുകൊണ്ടു് ഇരുപത്തി ആറിന്റെ പകുതിയായ പതിമൂന്നു ദിവസമാണു് അരമാസം. ഫിഫ്റ്റീൻ ഡേയ്സ് ആവറേജ് പേ എന്നുള്ള തത്വം വ്യവസായ ഡയറക്ടർ സ്വീകരിക്കാൻ തയാറില്ല. അദ്ദേഹം പതിമൂന്നു ദിവസം എന്ന മാത്രമേ സ്വീകരിക്കാൻ തയാറുള്ളൂ അവസാനം ഈ പ്രശ്നം സ്റ്റേറ്റു ഇവാല്വേഷൻ ആൻഡു് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയാകുന്നു. അതായതു് ഒരു മാസത്തിന്റെ പകുതി ദിവസം എന്നു പറഞ്ഞാൽ പതിനഞ്ചു ദിവസമാണോ, അതോ വ്യവസായ ഡയറക്ടർ പറയുന്ന പതിമൂന്നു ദിവസമാണോയെന്നുള്ള പ്രശ്നമാണു് കമ്മിറ്റിയുടെ മുമ്പിൽ വന്നതു്. കമ്മിറ്റിയിൽ അതിനെപ്പറ്റി ആലോചിച്ചതിനുശേഷം ഒരു മാസത്തിന്റെ പകുതിയെന്നു് പറയുന്നതു് പതിനഞ്ചു ദിവസമാണെന്നും, അല്ലാതെ പതിമൂന്നുദിവസമല്ലെന്നും കണ്ടുപിടിച്ചു. അക്കാര്യം ഡിസ്ട്രിക്ടു് ലേബർ കമ്മീഷണർ ഡയറക്ടറെ അറിയിച്ചു. എന്നാൽ വ്യവസായ ഡയറക്ടർ അപ്പോഴും പറയുകയുണ്ടായി പതിനഞ്ചു ദിവസമല്ല, പതിമൂന്നു ദിവസം തന്നെയാണെന്നു്. അങ്ങനെ അദ്ദേഹത്തിന്റെ കണക്കുകൂട്ടലാണു് ശരിയെന്നുള്ള അടിസ്ഥാനത്തിൽ ഉറച്ചു നിൽക്കുകയാണു്. തൊഴിൽവകുപ്പുമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

തീരുമാനം അറിയിച്ചിട്ടും വ്യവസായ ഡയറക്ടർ അദ്ദേഹം എടുത്ത തീരുമാനത്തിൽനിന്നും ഒരു ഇഞ്ചുപോലും പുറകോട്ടുപോകുന്നതയാറായില്ല. ഞാൻ വളരെ വിനയപൂർവം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് ചോദിയ്ക്കുകയാണു്, അദ്ദേഹത്തിനു് ഈ തീരുമാനം നടപ്പിലാക്കാൻ കഴിയുകയില്ലേ എന്നു്. ഒരു കാര്യവും ബഹുമാനപ്പെട്ട മന്ത്രിക്കു് വ്യവസായ ഡയറക്ടറെക്കൊണ്ടു് ചെയ്യിപ്പിക്കാൻ കഴിയുകയില്ലേ? തൃശ്ശൂർ മഹാലക്ഷ്മി മില്ലിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കൊടുക്കുന്ന കാര്യത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയ്ക്കു് കഴിഞ്ഞില്ലെങ്കിൽ അദ്ദേഹം ആ കസേര വിട്ടുപോകണമെന്നാണു് എനിക്കു ഈ അവസരത്തിൽ അദ്ദേഹത്തെ അറിയിക്കുവാനുള്ളതു്. എനിക്കു് മന്ത്രികസേരയുടെ മാദകമായ സവിശേഷതകളൊന്നും അറിയാത്തതുകൊണ്ടു് ഇതു് പറയുന്നതല്ല. ഇത്ര നിസാരമായ സംഗതികൾപോലും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെയെന്തിനാണു് ഏറ്റവും പ്രധാനപ്പെട്ട ആ കസേരയിൽ ഇരിക്കുന്നതു്?

ചവറ മിനറൽസ് കമ്പനിയിൽ ഒരു പ്രശ്നം ഈയിടെ ഉണ്ടായി. അവിടെയുള്ള തൊഴിലാളികളുടെ ലേ ഓഫ്നെ സംബന്ധിച്ചു് മനേജ്മെന്റും തൊഴിലാളികളും തമ്മിൽ ഒരു എഗ്രിമെന്റുണ്ടായി. ആ തൊഴിലാളികളുടെ യൂണിയൻ യു. ടി. യു. സി.യും; ഐ. എൻ. ടി. യു. സി.യുമാണു്. ലേ ഓഫ് കമ്പൻസേഷൻ നടപ്പിലാക്കുന്ന സന്ദർഭത്തിൽ ആംട്ടർനേറ്റീവു് എംപ്ലോയ്മെന്റു കൊടുക്കാമെന്നു പറഞ്ഞു. അതു് യു. ടി. യു. സി പ്രത്യേകമായി സമ്മതിക്കുകയും അവർക്കു് ജോലി കൊടുക്കുകയും ചെയ്തു. പക്ഷെ ഐ. എൻ. ടി. യു. സി. അതിൽനിന്നും പിന്മാറുകയുണ്ടായി. അങ്ങനെ അവർ പിന്മാറിയ സന്ദർഭത്തിൽ അവരുടെ വേജസ് കൊടുക്കണമെന്നു് ആവശ്യപ്പെടുകയും അതു് കൊടുക്കുകയും ചെയ്തു. എന്നാൽ അതു് തെറ്റാണെന്നു് കാണിച്ചുകൊണ്ടു് ഈ പ്രശ്നം ഉന്നത സ്ഥലങ്ങളിലേയ്ക്കു് പോകുകയുണ്ടായി. അതു് ഗ്രേറ്റു ഇവാലുവേഷൻ ആൻറു് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ മുമ്പിൽ വരികയുണ്ടായി. അപ്പോഴും ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രിയും ഈ കമ്മിറ്റിയും നേരത്തെ ചെയ്തതു് തെറ്റാണെന്നു് പറഞ്ഞു, വ്യവസായവകുപ്പിനെ കുറ്റപ്പെടുത്തുകയുണ്ടായി. അങ്ങനെ വളരെ നഗ്നമായി തന്നെ ആ എഗ്രിമെന്റിനെയും ലംഘിക്കപ്പെടുകയുണ്ടായി.

കൊല്ലത്തു് യൂണൈറ്റഡ് ഇലക്ട്രിക് ഇൻഡസ്ട്രീസിലും ഇത്തരത്തിലുള്ള ഒരു പ്രശ്നം ഉണ്ടു്. അവിടെയുള്ള കുറെ തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി. അതിനെസംബന്ധിച്ചു് ആലോചിക്കുന്നതിനു് ഒന്നിലധികം പ്രാവശ്യം കാൺഫറൻസുകൾ നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനവും എടുക്കാൻ സാധിച്ചിട്ടില്ല. ഒടുവിൽ ആ പ്രശ്നം വാളന്ററി ആർബിട്രേഷനു് വിടണമെന്നു് തീരുമാനിക്കുകയുണ്ടായി. അവിടെയുള്ള തൊഴിലാളികളുടെ ക്ഷാമബത്തയും ജീവിതസൂചികയുമായി ബന്ധപ്പെടുത്തണമെന്നുള്ള ലേബർ കമ്മീഷണറുടെ നിർദ്ദേശംപോലും സ്വീകരിക്കാൻ വ്യവസായ ഡയറക്ടർ തയാറാകുന്നില്ല. ഈ പ്രശ്നം അഡ്ജൂഡിക്കേഷനു് വിടേണ്ട സ്ഥിതിവരെ എത്തിയിട്ടുണ്ടു്. കോഡ് ഓഫ് കോൺഡക്ടിനു് വിരുദ്ധമായിട്ടുള്ള നിലപാടാണു് വ്യവസായ ഡയറക്ടർ സ്വീകരിക്കുന്നതു്. ഗവണ്മെന്റു ഉടനടി ഈ രംഗത്തു പ്രത്യക്ഷപ്പെടണമെന്നും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനു് ധ്രുതഗതിയിൽ പ്രവർത്തിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

ഗവണ്മെന്റു വ്യവസായശാലകളിൽ ഇപ്പോഴും ക്ഷാമബത്ത ജീവിതസൂചികയുമായി ബന്ധിക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റിൽനിന്നും എടുത്തിട്ടില്ല. ലേബർ കോൺഫറൻസിൽവെച്ചും ക്ഷാമബത്ത ജീവിത സൂചികയുമായി ബന്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. പല ലേബർ കോൺഫറൻസുകളിലും ഇത്തരത്തിലുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ടു്. കേന്ദ്ര ഗവണ്മെന്റു ജീവനക്കാരുടെയും, സംസ്ഥാനഗവണ്മെന്റു ജീവനക്കാരുടെയും ശമ്പളത്തിന്റെ കൂടെ നാമമാത്രമാണെങ്കിലും ക്ഷാമബത്ത വർദ്ധിപ്പിച്ചിട്ടുണ്ടു്. ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെൻറിന്റെ കീഴിലുള്ള വ്യവസായശാലകളിൽ ഇതുവരെയായിട്ടും ആ നടപടി സ്വീകരിച്ചിട്ടില്ല ക്ഷാമബത്ത ജീവിതസൂചികയുമായി ബന്ധപ്പെടുത്തുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെയും ഗവണ്മെൻറ് വ്യവസായ ശാലകളിൽ സ്വീകരിച്ചിട്ടില്ല. സർ, അതു് കോഡ് ഓഫ് കോൺഡക്റ്റിനു് തന്നെ വിരുദ്ധമാണു്. ഇതിൽ കൂടുതൽ വിശദാംശങ്ങളിലേയ്ക്കു് കടക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ഗവണ്മെൻറ് എല്ലാ വ്യവസായ സ്ഥാപനങ്ങളിലും മാനേജിംഗ് കൗൺസിലുകളും, വർക്സ് കമ്മിറ്റികളും ഉണ്ടാക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. വർക്സ് കമ്മിറ്റികളും ഉണ്ടാക്കണമെന്നു നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണു്. വർക്സ് കമ്മിറ്റികളും ഇന്നു പല വ്യവസായങ്ങളിലും സംഘടിപ്പിച്ചിട്ടില്ല. അതുപോലെ ഐ. ആർ. സി. വേജ്ബോർഡു്, സ്റ്റാൻറിംഗ് കമ്മിറ്റീസു് ഇവയൊന്നുംഉണ്ടാക്കിയിട്ടില്ല. ഇവ ഉള്ള സ്ഥലത്തുതന്നെയും ഇന്നു ശരിയായി പ്രവർത്തിക്കുന്നില്ല. ഗവണ്മെൻറുടമയിലുള്ള വ്യവസായശാലകളിൽ ഈ മാനേജിംഗ് കൗൺസിലുകളും ഉണ്ടാക്കിയിട്ടുണ്ടു്. പക്ഷേ അതൊന്നും കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കാത്ത പരിതഃസ്ഥിതി ഇന്നു സംജാതമായിട്ടുണ്ടു്. നിയമം അനുശാസിക്കുന്ന രീതിയിലുള്ള വർക്സ് കമ്മിറ്റികളും ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉണ്ടാക്കുന്നതിനുപോലും ഗവണ്മെൻറ് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടില്ല എന്നാണു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഒരു മാതൃകാ മുതലാളി എന്ന നിലയിൽ പ്രവർത്തിക്കേണ്ട ഗവണ്മെൻറു്, സ്വകാര്യ ഉടമകൾക്കു് മാതൃക കാണിച്ചുകൊടുക്കേണ്ട ഗവണ്മെൻറു്, ഗവണ്മെൻറു് നേരിട്ടു നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഇങ്ങനെയാണു് പ്രവർത്തിക്കുന്നതു്. സ്വകാര്യ ഉടമകൾ നിയമം അനുസരിക്കണമെന്നും, കോഡു് ആഫ് ഡിസിപ്ലിൻ പരിപാലിക്കണമെന്നും, വ്യവസായ സമാധാനമുണ്ടാക്കുന്നതിനു് പരിശ്രമിക്കണമെന്നും, തൊഴിലാളികൾക്കു് ഫേയർ ഡീൽ കൊടുക്കണമെന്നും ഗവണ്മെൻറു് പറയാറുണ്ടു്. പക്ഷേ ഗവണ്മെൻറു് ചെയ്യുന്നതു് നേരേ മറിച്ചാണു്. സകലതും ലംഘിക്കുകയാണു് ചെയ്യുന്നതെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണു് ചെയ്യുന്നതു്.

11 A. M.]

സ്റ്റോറു് ട്രാൻസ്പോർട്ട വ്യവസായത്തെ സംബന്ധിച്ചു് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. അതിനെപ്പറ്റി പറയുവാൻ വളരെയേറെ കാര്യങ്ങളുണ്ടു്. സ്റ്റോറു് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽ തൊഴിലാളികളും ഗവണ്മെൻറും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചു് ഇന്നു വളരെയേറെ ആക്ഷേപങ്ങൾ വെളിയിൽ കേൾക്കുന്നുണ്ടു്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്ന കാര്യത്തിൽ ഈ തൊഴിൽകാര്യവകുപ്പുമന്ത്രി അനുകൂലമായ ഒരു നിലപാടു് സ്വീകരിക്കുന്നില്ലെന്നുള്ള ആക്ഷേപം ഇന്നു പരക്കെയുണ്ടു്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു് കടക്കുന്നില്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്റ്റനുസരിച്ചുള്ള വർക്സ് കമ്മിറ്റികളും സ്റ്റോറു് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൽ ഉണ്ടാക്കണമെന്നു്, പ്രത്യേകിച്ചു് വർക്ഷാപ്പുകളിലെങ്കിലും ഉണ്ടാക്കണമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഇതുവരെയായിട്ടും ഗവണ്മെൻറു് അതിനു യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബാഡി ബിൽഡിംഗ്സ് വർക്കേഴ്സിന്റെ കൂലിയെ സംബന്ധിച്ചു് ഒരു കൺസിലിയേഷൻ എഗ്രിമെൻറു്, ഒത്തുതീർപ്പു് ഉണ്ടായിട്ടുണ്ടു്. 22-8-1962-ലാണു് ഈ കൺസിലിയേഷൻ എഗ്രിമെൻറു് ഉണ്ടാക്കിയതു്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്റ്റനുസരിച്ചു് ബാഡിബിൽഡിംഗ് സെക്ഷനിലുള്ള തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ചു് ഒരു തീരുമാനം എടുത്തു. ഇതുവരെയായിട്ടും ആ തീരുമാനം നടപ്പിലാക്കിയിട്ടില്ല. അതുപോലെ തന്നെ 1958-ൽ ട്രാൻസ്പോർട്ട ജീവനക്കാരെ സ്ഥലം മാറ്റുന്നതിനെ സംബന്ധിച്ചു് വ്യക്തമായ ചില ധാരണകളും ഉണ്ടായി. ഒരു എഗ്രിമെൻറു് അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായി. അവരുടെ ഒരു സീനിയോറിറ്റി ലിസ്റ്റു തയ്യാറാക്കി അതനുസരിച്ചു് സ്ഥലംമാറ്റം നടത്താൻ വ്യവസ്ഥ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

മുന്നുകൊല്ലം ഒരാളെ ഒരു സ്ഥലത്തു വച്ചേക്കുക എന്ന ആ കാര്യവും പരിപാലിക്കണമെന്നു് വ്യവസ്ഥ ചെയ്തിരുന്നു. അതിനു പുറമേ യൂണിയൻ ഭാരവാഹികളായ ആളുകളെ സ്ഥലം മാറ്റരുതെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷേ 1958-ലെ ആ എഗ്രിമെന്റു് കാറ്റിൽ പറത്തിക്കൊണ്ടു് ട്രാൻസ്പോർട്ട് ഡയറക്ടറക്കു് തോന്നിയതുപോലെ, ഇഷ്ടംപോലെ ആളുകളെ സ്ഥലം മാറ്റുകയും മാറ്റാതിരിക്കുകയുമാണു് ചെയ്യുന്നതു്. ന്യായമായി സ്ഥലംമാറ്റം കൊടുക്കേണ്ട ആളുകൾക്കു് കൊടുക്കുകയില്ല. കരാറിനു വിരുദ്ധമായിട്ടുള്ള സ്ഥലം മാറ്റങ്ങളാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ രീതിയിലാണു് 1958-ലെ എഗ്രിമെന്റു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ ഫൈൻസു് ആൻഡു് ഡാമേജസു് ഈടാക്കുന്ന വ്യവസ്ഥയുണ്ടു്. ഫൈൻസു ആൻഡു് ഡാമേജസു് എന്നുള്ള ഇനത്തിൽ ധാരാളം തുക തൊഴിലാളികളിൽ നിന്നു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു് ഈടാക്കുന്നുണ്ടു്. അങ്ങനെ ഈടാക്കുന്നതു് പേയ്മെന്റു് ആഫ് വേജസു് ആക്റ്റിനു വിരുദ്ധമാണെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നിട്ടും ഗവണ്മെന്റു് ഈ ഇനത്തിൽ തുക ഈടാക്കിക്കൊണ്ടിരിക്കുകയാണു്. ഇതേസംബന്ധിച്ചു് ഒരു ക്ലെയിംപെറ്റിഷൻ മജിസ്ട്രേട്ട കോടതിയിൽപോയി. വിചാരണയൊക്കെ കഴിഞ്ഞു് പേയ്മെന്റു് ആഫ് വേജസ് ആക്റ്റിനു എതിരാണു് ഗവണ്മെൻറിന്റെ ഈ നടപടിയെന്നു പറഞ്ഞു. ഈടാക്കിയ തുക തിരിച്ചുകൊടുക്കാൻ കോടതി ഉത്തരവിട്ടു. ഗവണ്മെന്റു് ആ തുക ഇതുവരെ കൊടുത്തിട്ടില്ല. അവസാനം ജംഗമസാധനങ്ങളും ജപ്തി ചെയ്യുന്നതുവരെ ഇതു നടപ്പാക്കാതെ വച്ചുകൊണ്ടിരുന്നു. അതിനുശേഷം കൊടുത്തു. അതുപോലെതന്നെ കൊല്ലം ലേബർ കോടതിയിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് 25/62 നമ്പരായി നടന്ന കേസു്. മുന്നു തൊഴിലാളികളെ പിരിച്ചുവിട്ടതിനെ സംബന്ധിച്ച പ്രശ്നമായിരുന്നു. പതിനായിരത്തോളം രൂപ തിരിയെ കൊടുക്കണമെന്നു് അവാർഡുണ്ടായി. പക്ഷേ ഗവണ്മെൻറു് ഇതുവരെയും ആ തുക കൊടുത്തിട്ടില്ല. ആ തൊഴിലാളികളെ കോടതി തിരിച്ചെടുക്കണമെന്നു് പറഞ്ഞിട്ടു് ഇതുവരെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു് എടുത്തിട്ടില്ല. ഫാക്റ്ററി ആക്റ്റു് ലംഘിക്കുന്നതിനു് ഇതുപോലെ നിരവധി ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടാനുണ്ടു്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. കോഴിക്കോടു് ട്രാൻസ്പോർട്ടു് വർക്ഷാപ്പിന്റെ സ്ഥിതിതന്നെ അതിനൊരു ഉത്തമമായ ഉദാഹരണമാണു്. ഫാക്റ്ററി ആക്റ്റനുസരിച്ചുള്ള യാതൊരു വ്യവസ്ഥയും അവിടെ പരിപാലിച്ചിട്ടില്ല. പരസ്യമായ ലംഘനമാണു് അവിടെ നടന്നിട്ടുള്ളതു്. കെട്ടിടത്തിന്റെ നീളം, വീതി, ജന്നൽ, കക്കൂസു് മുതലായവയുടെപോലും നിയമനിഷേധമാണു് അവിടെ നടന്നിട്ടുള്ളതു്. ഫാക്റ്ററി ആക്റ്റനുസരിച്ചു് കോഴിക്കോടു് ഡിസ്ട്രിക്റ്റു് ട്രാൻസ്പോർട്ടു് ആഫീസറെ പ്രോസിക്യൂട്ട ചെയ്യാൻ നടപടി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. അതേപ്പറ്റി കൂടുതൽ പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ധാരാളം കാര്യങ്ങളും ഇതുപോലെ ഉണ്ടു്. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുന്നതിനു് ബഹുമാനപ്പെട്ട ഡപ്യൂട്ടി സ്പീക്കർ എന്നെ അനുവദിക്കണം. ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിലുണ്ടാകുന്ന തൊഴിൽത്തക്കേടും കൺസിലിയേഷൻ മുഖാന്തിരം തീർക്കുന്നതിനെ സംബന്ധിച്ചാണു് എനിക്കു് പറയുവാനുള്ളതു്. അടുത്തകാലത്തു് ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ ഒരു കൺഫറൻസു് വിളിച്ചുകൂട്ടി. ട്രാൻസ്പോർട്ട് ഡയറക്റ്റർ കൺഫറൻസിൽ പങ്കെടുക്കണമെന്നു് ഡിസ്ട്രിക്റ്റു് ആഫീസർ എഴുതി. ട്രാൻസ്പോർട്ട് ഡയറക്റ്റർ പറഞ്ഞു, ഞാനൊരു ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷനാണു്, നിങ്ങളും ഡിസ്ട്രിക്റ്റു് ലേബർ ആഫീസറാണു്, അതുകൊണ്ടു് എനിക്കു വരാൻ കഴിയുകയില്ല. നിങ്ങൾക്കു് എന്തെങ്കിലും സംസാരിക്കണമെന്നുണ്ടെങ്കിൽ ട്രാൻസ്പോർട്ട് ഡയറക്റ്റാഫീസിൽ ചെല്ലണമെന്നു്. അദ്ദേഹം ഇങ്ങനെയാണു് ആ ക്ഷണനക്കത്തിനു് മറുപടി കൊടുത്തതു്. മറുപടിയിൽ "Come to my office" എന്നാണു് എഴുതിയതു്. അദ്ദേഹത്തിന്റെ സ്റ്റാറ്റസിനേയും ഗ്രേഡിനേയും കുറിച്ചു് ഞാനൊന്നും പറയുന്നില്ല. പക്ഷേ നിരവധി തൊഴിലാളികളും പണിയെടുക്കുന്ന ഒരു സ്ഥാപനത്തിന്റെ മേലദ്ധ്യക്ഷൻ ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ വിളിച്ചതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ചെല്ലാനൊക്കുകയില്ലെന്ന മറുപടി പറയുന്നതു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്റ്റനുസരിച്ചു് ശരിയാണോ എന്നുള്ളതു് ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണു്. അദ്യം ഡിസ്ട്രിക്റ്റു് ലേബറാഫീസറോടു് ട്രാൻസ്ഫോർട്ടു് ഡയറക്റ്ററാഫീസിൽ ചെല്ലാൻ പറഞ്ഞു. പിന്നീടു് പേഴ്സണൽ അസിസ്റ്റൻറിനെ അയച്ചാൽപോരേ, എന്നു ചോദിച്ചു. ട്രാൻസ്ഫോർട്ടു് ഡയറക്റ്റർ തന്നെ ഹാജരാകണമെന്നു പറഞ്ഞതിനുശേഷം മൂന്നാംപ്രാവശ്യം വന്നു. കൂടിയാലോചനകളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റു് ട്രാൻസ്ഫോർട്ട ഡയറക്റ്റർ എടുക്കുന്ന നിലപാടു് ഇതാണു്. വ്യാവസായിക സ്ഥാപനങ്ങളും ട്രാൻസ്ഫോർട്ടു് ഡിപ്പാർട്ടുമെൻറും എടുത്തു പരിശോധിച്ചു നോക്കിയാൽ അവിടെയൊക്കെ എല്ലാ നിയമങ്ങളും ലംഘിക്കുന്ന ഒരു കാഴ്ചയാണു് നാം കാണുന്നതു്. നിയമലംഘനങ്ങളുടെ ഘോഷയാത്രയാണു് കാണുന്നതു്. കോഡ്ആഫ്ഡിസിപ്ലിൻ ലംഘിക്കുന്നു. അങ്ങനെ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തിക്കൊണ്ടുള്ള ഒരു നിലപാടാണു് ഈ ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതു്. ഇവിടെ ഏതു പ്രശ്നം അവതരിപ്പിച്ചാലും നമ്മുടെ തൊഴിൽകാര്യമന്ത്രി അതു് ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുമെന്നു നമുക്കറിയാം. ഇതും അതുപോലെ കൈകാര്യം ചെയ്യുമെന്നാണു് ഞാൻ കരുതുന്നതു്. ഒരു കാര്യംമാത്രമേ എനിക്കു് പറയുവാനുള്ള. ഈ നിയമസഭയും നിയമസഭയിൽകൂടി ജനങ്ങൾക്കും നൽകുന്ന കരാറുകളും, വാഗ്ദാനങ്ങളും പരസ്യമായി ലംഘിക്കുന്നതിൽ ഒന്നാംപന്തിയിൽ ഇതിനുവേണ്ടി മത്സരിച്ചുകൊണ്ടിരിക്കുന്ന തൊഴിൽകാര്യ മന്ത്രിയിൽ നിന്നു് കൂടുതലൊന്നും പ്രതീക്ഷിക്കുന്നില്ല. ഈ സഭയിലെ എല്ലാ അംഗങ്ങളും പ്രശ്നത്തിൻറെ ഗൗരവം മനസ്സിലാക്കി എൻറെ പ്രമേയം പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Shri P. Balachandra Menon: Madam, in the matter of human relations in industries,—to speak in a very respectable way—I should like to say that the most inhuman jungle law prevails. Innumerable instances have been pointed out by the hon. Member Shri P. Ravindran. I shall only say that none of our labour legislations, none of our agreements, none of our conventions are respected either by the Industries Department or the Transport Department.

Madam, what is it that is happening today ? In the Transport Department for years together you are putting employees on daily wages. The convention in any other industry is something different. Such a thing will never be allowed in any industry.

Sir, in every industry the question of recognition of a single union has been pointed out very seriously before the employers. We have been repeatedly pointing out to you that you should take it up seriously but, unfortunately, it is not being done, with the result the Government encourages one union against the other and creates disruption among the employees. When demands are made you ought to have called all unions together, but you come to an agreement with certain unions. I am not against any agreement which will give some benefit to the workers. But, Sir, if your idea is to bring about industrial peace, you should have called all the workers' organisations. You never cared to do it.

Even at this stage a serious quetion that I want to place before you is the question of recognition of Unions. In every Government-owned industry and in the Transport Department, the majority Unions must be recognised. Collective agreements will have to be arrived at between the Government mangements and the majority unions and not with splinter organisations. I am prepared to have a ballot to decide the majority unions. Are you prepared ? That is what I want to

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

know. No political considerations seem to influence your decisions. Please don't do it. Have the courage to honestly face facts and try to solve problems.

In that case, my first demand is that in Government-owned industries, the question should be which union should be recognised and on what basis. Let the majority Union be recognised, as the Code of Conduct prescribes.

Sir, then regarding agreements with workshop workers. That has been flouted. You have not cared to implement the agreement. You don't have the Joint Staff Councils, which have to be there. You don't have a negotiating machinery at the District or State level. More than all that, the question is whether you would be able to settle disputes through collective bargaining. Even in that case, nothing has been done because you have not yet decided which union should have the right for collective bargaining.

Sir, in the other Government-owned industries, as in the case of Rubber Factory and in the case of Mahalekshmi Mills which were running, instances have been pointed out to you. May I request you to see that the Industries Department at least study some labour legislations. Some attempt must be made to see that the Officers of the Industries Department understand labour legislations. They don't know anything and the bureaucratic method in which they are managing the industries and the bureaucratic way in which the Transport Department is today being run will only result in big discontentment and strikes. And I can tell you that we have decided to stage that strike if required and see that our just demands are conceded. Don't force us to that situation.

ശ്രീ. ഓ. കോരൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

"After the word "House" in line 4 of the resolution, add "including members from all political parties."

സർ, ഏറ്റവും പ്രധാനമായിട്ടുള്ള കാലഘട്ടത്തിലാണു് ശ്രീ. രവീന്ദ്രൻ ഇപ്രകാരമൊരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. കാരണം നമ്മുടെ രാജ്യത്തു് സോഷ്യലിസം കൈവരുത്തുന്നതിനു് തൊഴിലാളി വിഭാഗം അവരുടെ അസംതൃപ്തി അവസാനിപ്പിച്ചുകൊണ്ടു് മുന്നോട്ടു പോകുന്നതിനു് ഏറ്റവും പ്രധാനമായി പ്രവർത്തിക്കേണ്ടുന്ന ഒരു വിഭാഗമാണു്. ഇന്നു് ഗവണ്മെന്റുമയിലായാലും, സ്വകാര്യ ഉടമയിലായാലും തൊഴിലാളികളുടെ ഇടയിൽ വളരെയധികം അതൃപ്തി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. തൊഴിലാളികളും മറ്റു് അധികൃതരും ഇക്കാര്യത്തിൽ കൈക്കൊള്ളുന്ന നടപടികളെ സംബന്ധിച്ചു് സവിസ്തരമായി പഠിച്ചു് തെറ്റു തിരുത്തിക്കൊണ്ടു് മുന്നോട്ടുപോകേണ്ടതു് ഈ കാലഘട്ടത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. എനിക്കു് ഒന്നു പറയാനുള്ളതു് ഗവണ്മെൻറുമയിൽ നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായശാലകളിൽ രണ്ടു തൊഴിൽ വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ സോഷ്യലിസം നടപ്പിലുള്ള രാജ്യങ്ങളിലയച്ചു് പരിശീലനം കൊടുക്കേണ്ടതു് ആവശ്യമാണു്. ഈ ഉദ്യോഗസ്ഥന്മാരാണു് തൊഴിൽവിഭാഗങ്ങളുടെയിടയിൽ ഇന്നു് ഏറ്റവും അതൃപ്തി ഉണ്ടാക്കിത്തീർത്തുകൊണ്ടിരിക്കുന്നതായ ആളുകൾ. ഗവണ്മെൻറു പാസ്സാക്കുന്ന നിയമങ്ങൾപോലും നടപ്പിൽവരുത്താൻ ഇവരെക്കൊണ്ടു സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. എനിക്കു് ഈ അവസ

LIBRARY ARCHIVES Kerala Legislative Assembly

രത്തിൽ ഒന്നുവരുന്നതു് മുമ്പു് സോഷ്യലിസത്തിന്റെ ജനയിതാവായിരുന്ന ശ്രീ. ജയപ്രകാശ് നാരായണൻ പറഞ്ഞ ചില കാര്യങ്ങളാണു്. അദ്ദേഹം പറഞ്ഞു, ഒരു രാജ്യത്തിലെ വ്യവസായങ്ങളെല്ലാം സ്റ്റേറ്റുടമയിൽ കൊണ്ടുവരുന്നതുകൊണ്ടുമാത്രം സോഷ്യലിസം നടപ്പാക്കാൻ സാദ്ധ്യമല്ലെന്നു്. നേരെ മറിച്ചു തൊഴിലാളികളുടെ കൗൺസിൽ രൂപീകരിച്ചുകൊണ്ടു് അവരുടെ അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ടു് എന്തെല്ലാം മാറ്റങ്ങളും പരിഷ്കാരങ്ങളും തൊഴിൽരംഗത്തു വരുത്താൻ സാധിക്കുമെന്നു പരിശോധിച്ചുകൊണ്ടു് മുന്നോട്ടു പോയാലെ ഈ രംഗത്തു് ആശ്വാസം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. ശ്രീ. സി. അച്യുതമേനോൻ മുമ്പു് എഴുതിയിട്ടുള്ള സോവിയറ്റുനാടു് എന്ന പുസ്തകം ഈയിടെ ഞാൻ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞിരിക്കുന്നതു് വ്യവസായശാലകളിൽ കൗൺസിലുകൾ സംഘടിപ്പിച്ചു് ഏതെല്ലാം വിധത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണം, ഏതെല്ലാം വിധത്തിൽ മാറ്റങ്ങൾ വരുത്തണം എന്നുള്ളതിനും തൊഴിലാളികൾക്കു് കൂടുതൽ കൂലി കൊടുക്കാനും അങ്ങനെ അവരെ ഉത്സാഹവാന്മാരാക്കി മുന്നോട്ടു കൊണ്ടുപോകാനുമുള്ള സാഹചര്യം ഉണ്ടാക്കിത്തീർക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. മാത്രമല്ല തൊഴിലാളികളും മുതലാളിമാരും ഗവണ്മെന്റും കൂട്ടായി ചേർന്നു പ്രവർത്തിച്ചാലേ ഈ രാജ്യത്തു് ക്ഷേമം കൈവരുത്താനുള്ള മനോഭാവത്തോടുകൂടി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളു. ഗവണ്മെന്റു് സോഷ്യലിസം വളരെ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തിലെ ഗവണ്മെന്റു് വളരെ വ്യക്തമായ നയം അടിയന്തിരമായി കൈക്കൊള്ളണം.

സർ, ഗവണ്മെന്റുടമയിൽ നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റേറ്റു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു് ഒന്നുരണ്ടുകാര്യങ്ങളും പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ വിഭാഗത്തിൽ തൊഴിൽചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ഇടയിൽ ഇന്നു് വളരെയധികം അതൃപ്തി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. എന്താണു് കാരണമെന്നു് അന്വേഷിച്ചപ്പോഴും മനസ്സിലാക്കാൻ സാധിച്ചതു് തൊഴിലാളികളെ സ്ഥാനത്തും അസ്ഥാനത്തും ഉള്ളതും ഇല്ലാത്തതുമായ കുറ്റങ്ങളും ചുമത്തിക്കൊണ്ടു് അവരെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നാണു്. ഏതെങ്കിലും ഒരു സ്ഥലത്തുവച്ചു് ഒരു ബസ്സിന്റെ ടയറിനു് കേടുവന്നാൽ അതിന്റെ ചാർജ്ജു് തൊഴിലാളികളും കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു്. 1963–ൽ ഇപ്രകാരം ഒരു ടയർ നഷ്ടപ്പെട്ടതിന്റെ പേരിൽ 200–ൽ പരം ഉറുപ്പിക കൊടുക്കാൻ ഡ്രൈവറോടു് ആവശ്യപ്പെട്ടതായി കാണുന്നുണ്ടു്. അതുപോലെതന്നെ ഒരു സൈക്കിളുമായി ബസ്സു് കൂട്ടിയിടിച്ചപ്പോഴും ബസ്സു് പാലത്തിൽകൊണ്ടു് ബസ്സിനു കേടുവന്നതുകാരണം ആറായിരം ഉറുപ്പിക ഡ്രൈവർ കൊടുക്കണമെന്നു കാണിച്ചു് നോട്ടീസു കൊടുത്തിരിക്കുകയാണു്. എന്താണു് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതു്. ഗവണ്മെന്റുടമയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായശാലയിൽ ഏറ്റവും മാതൃകാപരമായി തൊഴിലാളികളോടു നല്ല രീതിയിൽ പെരുമാറി മറ്റുള്ളവർക്കു് മാതൃക കാണിച്ചുകൊടുക്കേണ്ടതായ ഈ സ്ഥാപനം അതിനു വിപരീതമായി ശിക്ഷയുടെ കാഠിന്യം കൂട്ടാനാണു് ശ്രമിക്കുന്നതു്. ഇതിനു മാറ്റം വരുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ തൊഴിലാളികളുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതൃപ്തി ഒരിക്കലും മാറുകയില്ല. യഥാർത്ഥ സോഷ്യലിസം നടപ്പിൽവരുത്താൻ സാധിക്കുകയില്ല. അതുകൊണ്ടു് വളരെ കാര്യക്ഷമതയോടുകൂടി ഗവണ്മെന്റു് ഈവക കാര്യങ്ങളെപ്പറ്റി പഠിക്കണം. തൊഴിലാളികളോടു് മുതലാളിമാരും മറ്റു് ഉയർന്നതലത്തിലുള്ള ആളുകളും ഏതുവിധത്തിലുള്ള സമീപനമാണു് കൈക്കൊള്ളേണ്ടതെന്നു് ഒരു പഠനം നടത്തേണ്ടതു് ഏറ്റവും ആവശ്യമാണു്. അങ്ങനെ പഠനം നടത്തിയാൽ ഇന്നത്തെ നില മാറ്റാൻ സാധിക്കും. സോഷ്യലിസം അടിസ്ഥാനതത്വമായി അംഗീകരിക്കുകയാണെങ്കിൽ അതു തൊഴിലാളികളുടെ ഇടയിലാണു് ഏറ്റവും കൂടുതൽ വേണ്ടതു്. അതുകൊണ്ടു് വളരെ കരുതലോടുകൂടി ഗവണ്മെന്റു് ഇക്കാര്യത്തിൽ മുന്നോട്ടു പോകണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ അഭിപ്രായം അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Krishnan : I move:

'Before the word "recommends" in the resolution insert the word "strongly".

ഇതാണ് എന്റെ ഭേദഗതി. ഗവണ്മെന്റ് സ്ഥാപനങ്ങളിലുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിൽ നിയമങ്ങളും നടപ്പിൽ വരുത്താത്ത ഉദാഹരണങ്ങളും എത്രവേണമെങ്കിലും പറയാൻ സാധിക്കും. സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നിയമമനുസരിച്ച് കിട്ടിവരുന്ന ആനുകൂല്യങ്ങളും ഗവണ്മെന്റ് സ്ഥാപനങ്ങളിൽ പണി എടുക്കുന്ന തൊഴിലാളികൾക്ക് കിട്ടുന്നില്ല എന്ന വരുന്നതു് സോഷ്യലിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗവണ്മെന്റും, ഗവണ്മെന്റുടമയിലുള്ള സ്ഥാപനങ്ങളിൽതന്നെ തൊഴിൽനിയമങ്ങളും നടപ്പിൽവരുത്തുന്നില്ല എന്നുള്ളതു് ഖേദകരമായ വസ്തുതയാണ്. ഞാൻ മുമ്പൊരവസരത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി, പാലക്കാട്ട് ജില്ലയിലെ ലേബർ ആഫീസർ വിളിച്ചുകൂട്ടിയ കൺസിലിയേഷനിൽ പഠയുകയുണ്ടായി സെൻട്രൽ ആക്ടു് 25-ാം വകുപ്പുപ്രകാരം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടാൻ അർഹതയുണ്ടെന്നു്. പക്ഷേ ഗവണ്മെന്റിനു വേണ്ടി ഹാജരായിട്ടുള്ള ഇൻജിനീയർ പറഞ്ഞു ഇങ്ങനെയുള്ള ഡയറക്ഷൻസ് ഒന്നും എനിക്കു് കിട്ടിയിട്ടില്ലെന്നു്. ഡിസ്ട്രിക്റ്റ് ലേബർ ആഫീസറുടെ മിനിറ്റ്സിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ വേണ്ട നടപടികളെടുക്കാമെന്നു് ഒടുവിൽ ഗവണ്മെന്റു് പറഞ്ഞു. പക്ഷേ ഇന്നും മംഗലംഡാമിൽനിന്നും പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടിയിട്ടില്ല. അതുകൊണ്ടു് പെറ്റീഷൻ കൊടുക്കണമോ വേണ്ടയോ എന്നന്വേഷിച്ചുകൊണ്ടു് എനിക്കു് ഒരു ലറ്റർ അയച്ചിരിക്കുകയാണു്. സ്വകാര്യസ്ഥാപനങ്ങളിലുള്ള തൊഴിലാളികളെയാണു് പിരിച്ചുവിട്ടതെങ്കിൽ തീർച്ചയായും ലേബർ ആഫീസർ നിർബന്ധിച്ചു് ശ്രമിക്കുമായിരുന്നു. ഇവിടെ ഗവണ്മെന്റാണു് കക്ഷി. അതുകൊണ്ടു് അദ്ദേഹത്തിനു് നിർബന്ധിക്കാൻ തരമില്ലാത്ത സ്ഥിതിയാണു്. അപ്പോഴും ഇതൊരു മാതൃകയല്ല. ഇങ്ങനെ ഗവണ്മെന്റിന്റെ കീഴിൽ എഴും എട്ടും വർഷം വക്കുചെയ്തശേഷം യാതൊരാനുകൂല്യവുമില്ലാതെ എപ്പോഴെങ്കിലും ജോലിയുണ്ടെന്നുള്ള ഉറപ്പുപോലുമില്ലാതെ തൊഴിലാളികൾ പിരിഞ്ഞുപോകേണ്ടുന്ന സ്ഥിതി ഉണ്ടാക്കുന്നതു് ശരിയല്ല. അതുകൊണ്ടു് ഈ റസലൂഷനിൽ ഉന്നയിച്ചിട്ടുള്ള ശുപാർശകളെല്ലാം വളരെവേഗത്തിൽ നടപ്പിലാക്കണമെന്നാണു് എന്റെ അപേക്ഷ.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണു്. നിലവിലുള്ള തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിനെ സംബന്ധിച്ചു് ഒരു പരിശോധന നടത്തണമെന്നതാണു് കാര്യം. നിലവിലുള്ള തൊഴിൽ നിയമങ്ങൾ സോഷ്യലിസ്റ്റു് തൊഴിൽ നിയമങ്ങളാണെന്നു പറയുമോ? എങ്കിൽ, അതു വളരെ കഷ്ടമാണു്. സോഷ്യലിസത്തെപ്പറ്റി ഈ ഘട്ടത്തിൽ എന്തിനാണു് പറയുന്നതെന്നു് മനസ്സിലാകുന്നില്ല. ഇവിടെ സോഷ്യലിസ്റ്റു് വ്യവസ്ഥിതിയെപ്പറ്റി പറയുന്നതു് അപ്രസക്തമാണു്. അനാവശ്യമാണു്. ഭാരതത്തിനു് ഇപ്പോൾ ഒന്നു് കാണാൻ കഴിയും. എവിടെ നോക്കിയാലും കൺഫ്യൂഷൻ ഉണ്ടാക്കാൻ ഒരു വാസന. ഇന്നു് നിലവിലുള്ള ലേബർ ലാസു് എന്തെങ്കിലുമാകട്ടെ, അവ നടപ്പാക്കുന്നുണ്ടോ എന്നുള്ളതു് പരിശോധിക്കുന്നതിൽ എന്താണു് തരക്കേട്ടു്? അതു പരിശോധിച്ചു തിട്ടപ്പെടുത്തേണ്ട ഘട്ടം വന്നിരിക്കുന്നു. അതിൽ നിന്നു് ഒന്നുകൊണ്ടും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഇവിടത്തെ, ഇൻഡ്യൻ, പബ്ലിക്കു് സെക്റ്റർ ഒഴിച്ചാൽ [നിലവിലുള്ളതു വ്യക്തമായും ഒരു capitalist വ്യവസ്ഥിതിയാണു്. നിലവിലുള്ള ലേബർ ലാസു് പോലും നടപ്പാക്കുന്നില്ല എന്നുള്ള വ്യക്തമായ ആരോപണങ്ങളാണു് ഉന്നയിക്കുന്നതു്. ഇതിനു് മറുപടി പറയാൻ കരുത്തുണ്ടാകണമെങ്കിൽ ഈ സഭയിലെ അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മിറ്റി പരിശോധിച്ചു് എത്രകണ്ടു് നടപ്പാക്കുന്നു എത്രകണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നില്ല എന്താണു് കാരണം എന്നൊക്കെ പരിശോധിച്ചു് ഒരു നിഗമനത്തിലെത്തേണ്ടതുണ്ടു്. ഇതിനു് നേരെചൊവ്വേ ഒരു മറുപടി കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഏതായാലും വിഷയം മാറേറണ്ട കാര്യമില്ല. സൗകര്യമുള്ളപ്പോൾ സോഷ്യലിസം പറഞ്ഞൊഴിയുന്നതു് പരിഹാസ്യമാണു്. സംഗതിഇതാണു്. നിലവിലുള്ള ലേബർ ലാസു് നടപ്പാക്കുന്നതിനെപ്പററി പരിശോധിക്കാൻ തയ്യാറാകണം. അതിനു് അനുകൂലമായി മറുപടി കിട്ടണം. സാധാരണപോലെ ഉരുണ്ടു് കളിക്കാതെ, വ്യക്തമായ നില സ്വീകരിച്ചുകൊണ്ടു് അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. ടി. അച്യുതൻ: മാഡം, ഡെപ്യൂട്ടിസ്പീക്കർ; ശ്രീമാൻ രവീന്ദ്രൻ ഈയിടെയായി തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധപതിപ്പിച്ചു കാണുന്നതിൽ സന്തോഷമുണ്ടു്. കഴിഞ്ഞ വെള്ളിയാഴ്ച അദ്ദേഹം സ്ത്രീ വിഭാഗത്തെ സംബന്ധിച്ചു് അവരുടെ പദവി ഉയർത്താൻ ഒരു ശ്രമം നടത്തുകയുണ്ടായി. ഇന്നിപ്പോൾ തൊഴിലാളി വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യ സ്വതന്ത്രമായതിനു ശേഷം ഈ മാതിരിയുള്ള പ്രവർത്തനങ്ങളൊക്കെ നടത്താൻ ശ്രമിച്ചു കണ്ടതു് നല്ലകാര്യമാണു്. തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുന്ന ശ്രീ. ബാലചന്ദ്രമേനോൻ ഉപദേശം കൊടുക്കുന്നതു് നല്ലതുതന്നെയാണു്. അതു് അദ്ദേഹത്തിനു് ഒരു വലിയ സഹായമായിരിക്കും. നിയമങ്ങളെ സംബന്ധിച്ചു് ഏതു ചോദ്യം വന്നാലും പ്രമേയം വന്നാലും കാര്യമായി ആലോചിച്ചു് ആവശ്യമായ ഭേദഗതികൾ ചെയ്യിക്കാൻ വേണ്ടി ശ്രീ. കോരനും, ശ്രീ. കുഞ്ഞനും നല്ലതുപോലെ പണിപ്പെടുന്നുണ്ടു്. അതു് രാജ്യത്തിനു് ഗുണം ചെയ്യുന്ന ഒന്നാണെന്നുള്ളതു കൊണ്ടു് ഞാൻ സന്തോഷിക്കുന്നു. ഇൻഡ്യ സ്വതന്ത്രയായതിനു ശേഷം കേരള ഗവണ്മെൻറും ഇൻഡ്യാ ഗവണ്മെൻറും സോഷ്യലിസം സംബന്ധിച്ച തത്വങ്ങൾ പറയാൻ തുടങ്ങിയപ്പോൾ അതിനു മുമ്പുതന്നെ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം.....

ശ്രീ. പി. ബാലചന്ദ്രമേനോൻ: ബൂഷ്വാ രാജ്യങ്ങളിലുള്ള കാര്യങ്ങളെങ്കിലും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ: ബൂഷ്വാ രാജ്യമെന്നു് ഇനി ഈ ലോകത്തു് ആരെങ്കിലും പറയുമെങ്കിൽ അതു് ശ്രീ ബാലചന്ദ്രമേനോൻ മാത്രമേ പറയുകയുള്ളൂ. ആ നാണയം ഇപ്പോൾ വിലപ്പോവുകയില്ല. രാജ്യത്തു നടക്കാവുന്ന കാര്യങ്ങൾ പ്രായോഗികമായി നമ്മൾ മനസിലാക്കിക്കൊണ്ടു് ഇടതുപക്ഷികളും വലതുപക്ഷികളും കാര്യങ്ങൾ നടപ്പാക്കാനുള്ള തന്റേടമുണ്ടായാൽ, അതാണു് വളച്ചുകെട്ടില്ലാതെ പ്രധാനമായ കാരണം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഞങ്ങൾക്കു് സമയം കിട്ടാത്തതുകൊണ്ടാണു്. ഞങ്ങളും തൊഴിലാളികളുടെ ഭാഗത്താണു്.

ശ്രീ. കെ. ടി. അച്യുതൻ: ഈ വിഭാഗത്തിൽപ്പെട്ട കുറെ ആളുകളുണ്ടു്. കുറെ രാജാക്കന്മാരുകൂടിയുണ്ടു്. അവരെപ്പററിയൊന്നും ഞാൻ അധികം പറയുന്നില്ല. ഒരു കാര്യം പറയാനുണ്ടു്. കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം എടുത്തുചാടാൻ പോകുന്നില്ല, മറിച്ചു്. നല്ലപോലെ കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു പോകാനാണു് ഉദ്ദേശിക്കുന്നതു്. പിന്നോട്ടു കാൽ വയ്ക്കുകയില്ല. അല്ലാതെ ശ്രീ. രവീന്ദ്രൻ പറഞ്ഞതു പോലെ ഭൂവനേശ്വർ സോഷ്യലിസം എന്താണെന്നു ചോദിച്ചാൽ അവർ തന്നെ അന്വേഷിക്കേണ്ട കാര്യമാണെന്നാണു് പറയുവാനുള്ളതു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം മുന്നോട്ടു കാൽ ഉറപ്പിച്ചു വയ്ക്കണമെന്നാണു് ഉദ്ദേശം. ആവടി സോഷ്യലിസത്തെപ്പററിയും പറഞ്ഞു. അതും മുന്നോട്ടു പോകുന്നുണ്ടു്. ഇപ്പോൾ മൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം കൊല്ലമാണു്. ഇൻഡ്യ സ്വാതന്ത്ര്യം നേടിയതിനു ശേഷം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പുരോഗതിയുണ്ടെന്നു് സമ്മതിക്കാതെ തരമില്ല. കേന്ദ്ര ഗവണ്മെൻറും സ്റ്റേറ്റു് ഗവണ്മെൻറുകളും പൊതുവിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

യിലുള്ള വ്യവസായങ്ങളെ വികസിപ്പിച്ചു വരികയാണു്. മുന്നാം പദ്ധതി നടപ്പാക്കുന്നതോടുകൂടി ആയിരക്കണക്കിനു് തൊഴിലാളികൾക്കു് ജോലി കൊടുക്കാൻ സാധിക്കുന്നതാണു്. കേന്ദ്ര ഗവണ്മെൻറും സ്റ്റേറ്റു് ഗവണ്മെൻറു കളും ഇതനുസരിച്ചുള്ള വ്യവസ്ഥയാണു് ചെയ്യുന്നതു്. ഇവിടെ കേരളത്തിലാ ണെങ്കിൽ വളരെയൊന്നും വ്യവസായങ്ങളില്ല. 12-13 വ്യവസായങ്ങളാണു് ആകെ നമ്മുടെ കേരളത്തിലുള്ളതു്, ഈ വ്യവസായങ്ങളെ സംബന്ധിച്ചി ടത്തോളം അഭിവൃദ്ധിക്കു് പല പ്രതിബന്ധങ്ങളും ഉണ്ടായിരുന്നു. ഈ വ്യവസാ യങ്ങളൊക്കെത്തന്നെ ഏറ്റവും നല്ല നിലയിൽ നടക്കുന്നു എന്നു് ആരും അഭി മാനിക്കുന്നില്ല. കേരളഗവണ്മെൻറിനെ സംബന്ധിച്ചായാലും, കേന്ദ്രഗവണ്മെ ൻറിനെ സംബന്ധിച്ചായാലും പല നയങ്ങളിലും മാറ്റങ്ങളും വന്നുകൊണ്ടിരി ക്കുകയാണു്. ഡിപ്പാർട്ടുമെൻറു നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായസ്ഥാപ നങ്ങളൊക്കെത്തന്നെ കമ്പനി ആക്ടനുസരിച്ചു് കോർപ്പറേഷനായിട്ടു് ഫോം ചെയ്തുകൊണ്ടു്, ഫ്ളെക്സിബിലിറ്റിയും, ഇനിഷ്യേറ്റീവും കൊടുത്തുകൊണ്ടു് മുന്നോട്ടു പോവുകയാണു്. ഇവിടെ തന്നെ കഴിഞ്ഞകൊല്ലം ഇതിനെ സംബ ന്ധിച്ചു് ഒരു കമ്മിറ്റിയെ നിശ്ചയിച്ചുകൊണ്ടു് ഇൻഡസ്ട്രീസു് ഡിപ്പാർട്ട മെൻറു് വിഭാഗീയമായി നടത്താൻ പാടില്ലാ. അതു് കാർപ്പറേഷനാക്കണ മെന്നു് കണക്കാക്കി അഞ്ചു കാർപ്പറേഷനുകളുണ്ടാക്കി അതിൻറെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോവുകയാണു്. ഘടനയും വ്യവസ്ഥയും എന്നുള്ള നില മാറ്റി സാധാരണ നിലയ്ക്കു് വ്യവസായങ്ങളും നടത്താൻ വേണ്ടിയുള്ള കാര്യങ്ങളും മുന്നോട്ടു കൊണ്ടുപോവുകയാണു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഈ കാർപ്പറേഷനിൽ തൊഴിലാളി കളുടെ പ്രതിനിധികളുണ്ടോ ? ഇൻഡ്യാ ഗവണ്മെൻറിൻറെ നയം അതല്ലേ ?

ശ്രീ. കെ. ടി. അച്യുതൻ: ഞാൻ തുടങ്ങിയല്ലേയുള്ളു. അവസാനിപ്പി ച്ചില്ലല്ലോ. ഇന്നുള്ള നിയമങ്ങളൊക്കെ നോക്കിയാൽ അതിൽ ഭൂരിഭാഗവും കേന്ദ്രനിയമങ്ങളാണു്. ഈ നിയമങ്ങളുടെ ഉള്ളടക്കം പരിശോധിക്കുകയാ ണെങ്കിൽ അതിൽ സോഷ്യലിസം കാണാൻ സാധിക്കും. പാർലമെൻറിലും അതാതു നിയമസഭകളിലും തന്നെയാണു് നിയമങ്ങൾക്കു് ഭേദഗതി ഉണ്ടാ ക്കേണ്ടതു് എന്ന വ്യവസ്ഥയുണ്ടു്. അതിനു് യോഗ്യതയുള്ള അംഗങ്ങളും നിയമസഭയിലും പാർലമെൻറിലുമുണ്ടു്. അതിനു പുറമെ ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇവാല്വേഷൻ ചെയ്യുന്ന കാര്യത്തിലും ഇംപ്ലിമെൻറേഷൻറെ കാര്യത്തിലും ഒക്കെ എന്തെങ്കിലും വീഴ്ചയോ മറ്റോ ഉണ്ടെങ്കിൽ അതു് പരിശോധിക്കേണ്ടതാണു്. ഇതിനെ സംബന്ധിച്ചു് നൈനിറ്റാളിൽവച്ചു് ഒരു കാൺഫറൻസു് നടത്തി തീരുമാനങ്ങളും ഉണ്ടായി.

ശ്രീ. രവീന്ദ്രൻ പറയുന്ന കാര്യങ്ങളും പരിശോധിക്കാൻതന്നെയാണു് ഇവാല്യുവേഷൻ ആൻഡു് ഇംപ്ലിമെൻറേഷൻ കമ്മിറ്റി ഉണ്ടായതു്. കമ്മിറ്റി തന്നെ ഉദ്ദേശിക്കുന്നതു് ഇതാണു്—

"Investigation on complaints regarding non-implementation of Labour Laws, etc. and the use of its good offices."

ഇന്നിവിടെ പറഞ്ഞ കാര്യങ്ങളുംതന്നെയാണു് കേന്ദ്രസെക്ടറിലും സ്റ്റേറ്റു് സെക്ടറിലും ഈ കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുന്നതു്. 1958-നു ശേഷം, പ്രൈവറ്റു് സെക്ടറിലുള്ള എംപ്ലോയറും എംപ്ലോയിയും തമ്മിലുള്ള കാര്യങ്ങളും അതുപോലെതന്നെ പബ്ലിക് സെക്ടറിലുള്ള കാര്യങ്ങളും ഈ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ടു്. ശ്രീ. രവീന്ദ്രൻ പറയുന്നതു പോലെ നിർദ്ദേശങ്ങൾക്കു് മറുപടി കൊടുത്തുകഴിഞ്ഞാൽ അവരെ സംബന്ധി ച്ചിടത്തോളം സംശയം ഉണ്ടെങ്കിൽ നീണ്ടുപോകുന്നുവെന്നല്ലാതെ സാധാരണ ഗതിയിൽ താമസം വരുന്നില്ല. ഏതായാലും മി. രവീന്ദ്രൻ പറഞ്ഞ കാര്യ ങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ പരിശോധിക്കാം. ഈ കമ്മിറ്റിയിലെ അംഗങ്ങളും ഏതെങ്കിലും വ്യവസായപ്രമുഖന്മാരും അഖിലേന്ത്യാടിസ്ഥാന ത്തിലുള്ള സെൻട്രൽ യൂണിയനുകളിലെ സ്റ്റേറ്റു് മെമ്പറന്മാരുമാണു്. ശ്രീ. ബാല

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രമേനോൻ ഇതിലെ ഒരു പ്രമുഖംഗമാണു്. നാലഞ്ചു കൊല്ലങ്ങളായി ഇതിൽ എംപ്ലോയറും എംപ്ലോയികളും അയയ്ക്കുന്ന കാര്യങ്ങളും പരിശോധിച്ചാൽ, മറ്റു സ്റ്റേറ്റുകളേക്കാളും കേരളത്തിൽ കൂടുതൽ കാര്യം നടത്തുന്നുണ്ടെന്നു കാണാം. 1960–61-ൽ വന്ന കംപ്ലെയിൻറ്സു് 65 ആണു്. അതിൽ എംപ്ലോയീസിൻറെ നല്ലൊരു വിഭാഗം ഉണ്ടു്. 40 കേസുകളും ആ കൊല്ലത്തിൽത്തന്നെ ഡിസ്പോസു് ചെയ്തു. 1961–62-ൽ 96 കേസുകളും വന്നതിൽ 92 ഡിസ്പോസു് ചെയ്തു. 1962–63-ൽ 93 വന്നതിൽ 73 ഡിസ്പോസു് ചെയ്തു 1963–64-ൽ 101 കേസുകളിൽ ഇതുവരെ 59 ഡിസ്പോസു് ചെയ്തു.

ശ്രീ. പി. രവീന്ദ്രൻ: ഇവാല്യുവേഷൻ ആൻഡു് ഇംപ്ലിമെൻറേഷൻ കമ്മിറ്റിയുടെ തീരുമാനം സ്വീകരിക്കാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻറെ പേരിലോ, തൊഴിലുടമയുടെ പേരിലോ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: വ്യക്തമായി അന്വേഷണം നടത്താതെ പറയാൻ നിവൃത്തിയില്ല. കരാറുകളും, അവാർഡുകളുമെല്ലാം നടപ്പാക്കേണ്ടവയാണെന്നു് ഗവണ്മെൻറിനു് അഭിപ്രായമുണ്ടു്. ഗവണ്മെൻറു വ്യവസായ സ്ഥാപനങ്ങൾക്കും ഇപ്രകാരം നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഗവണ്മെൻറു് സ്ഥാപനങ്ങൾ എന്നുള്ള ചിന്താഗതി പാടില്ലെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കാർപ്പറേഷൻ പുതുതായി രൂപംകൊണ്ടശേഷം, ഒരു ഗവണ്മെൻറു വകുപ്പെന്ന നിലയിൽ ഒറഡു്ടേപ്പിസം ഉണ്ടാകാൻ പോകുന്നില്ല. ചോറു് പെന്തോയെന്നു നോക്കാൻ ഒരു ചോറു് എടുത്തുനോക്കിയാൽ മതിയെന്നു് ഇവിടെ പറയുകയുണ്ടായി. എന്നാൽ ചോറിൽ ഒരു കല്ലു് കടിച്ചാൽ, ചോറു് മുഴുവൻ കല്ലാണെന്നു് പറയാമോ? ആകപ്പാടെ പന്ത്രണ്ടോ പതിനാലോ ഫാക്ടറികളാണുള്ളതു്. അതു് 5 കാർപ്പറേഷൻ ആക്കിയിട്ടുണ്ടു്. കൊല്ലംതോറും ഈ രാജ്യത്തു് എത്രയോ എഗ്രിമെൻറും അവാർഡും ഉണ്ടാകും. രണ്ടോ നാലോ എഗ്രിമെൻറിനു ദോഷം വന്നു, അല്ലെങ്കിൽ വിഘാതം വന്നു എന്നു പറയുന്നു. ഇതു വിലയിരുത്താൻ നിയമസഭയിലെ രണ്ടോ നാലോപേരെ ചേർത്തു് ഒരു കമ്മിറ്റി ഉണ്ടാക്കിയതുകൊണ്ടു് അവരുടെ സമയം മെനക്കെടുത്താമെന്നല്ലാതെ എന്തു നടക്കാൻ പോകുന്നു?

ശ്രീ. പി. രവീന്ദ്രൻ: ഗവണ്മെൻറുടമയിലുള്ള സ്ഥാപനങ്ങളിൽ ഇതു് നടത്താതിരിക്കുന്നതു് ശരിയാണോ? സ്വകാര്യ ഉടമകൾക്കു് മാതൃകയായിരിക്കേണ്ട ഗവണ്മെൻറു് അതു് ചെയ്യാതിരിക്കുന്നതു് ഗൗരവമായ കാര്യമല്ലേ?

ശ്രീ. കെ. ടി. അച്യുതൻ: എന്താണു് നടത്താത്തതെന്നന്വേഷിക്കാമെന്നു ഞാൻ പറഞ്ഞു. വ്യവസായവകുപ്പുമന്ത്രിയും ഇവിടെയുണ്ടു്. ഒരു കേസുണ്ടെന്നു പറഞ്ഞാൽ ആകെ അന്വേഷിക്കാൻ എന്താണുള്ളതെന്നു് എനിക്കറിഞ്ഞുകൂടാ. എന്തോ രാജ്യത്താകമാനം പല ശ്രമങ്ങളും നടത്തുന്നുണ്ടെന്നു പറഞ്ഞു. ഏകദേശം എന്താണു് രാജ്യത്തു് നടക്കുന്നതെന്നു നമുക്കറിയാം. ആ കാര്യത്തിരിക്കുന്നവരെപ്പോലെതന്നെ അറിയാവുന്നവർ ഈ രാഗത്തുമുണ്ടു്. അഖിലേന്ത്യാടിസ്ഥാനത്തിൽ എങ്ങനെ പോകുന്നു എന്നുമറിയാം. അതുകൊണ്ടു് അതിൽ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. ഇവിടെ രണ്ടു രാഗക്കാരും സൗഹാർദ്ദമായി പോകേണ്ട കാര്യത്തെപ്പറ്റി പറഞ്ഞു. അതിൽ ആക്ഷേപാഭിപ്രായവ്യത്യാസം? രണ്ടുമൂന്നു ദിവസംമുമ്പു് പുതിയ ലേബർ മിനിസ്റ്റർ സഞ്ജീവയ്യ വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞു, രണ്ടു വിഭാഗക്കാരും നിവൃത്തിയുള്ളിടത്തോളം കോടതിയിൽ പോകാതെ രമ്യമായി കാര്യങ്ങൾ നടത്തണമെന്നു്. രണ്ടുമൂന്നു് ദിവസം മുമ്പു് ഞാനും പറഞ്ഞു, ഇവിടെ ഉണ്ടാകുന്ന ഡിസ്പ്യൂട്ടു് രമ്യമായി തീർന്നുപോകണമെന്നു്. അതു് എന്തിനുവേണ്ടിയാണു്? സൗഹാർദ്ദം ഉണ്ടാകാൻവേണ്ടിയാണു്. ശ്രീ. കൃഷ്ണൻ പറഞ്ഞതുപോലെ, കീരിയും പാമ്പും പോലെ ഇരുഭാഗക്കാരും പോകാതിരിക്കാനാണു് അങ്ങനെ ഉദ്ദേശിക്കുന്നതു്. ട്രാൻസ്പോർട്ടു് വകുപ്പിനെപ്പറ്റി പറഞ്ഞപ്പോഴും പ്രത്യേകമായി പറഞ്ഞു, ഈ മന്ത്രി വന്നശേഷം, അവിടെയുള്ള തൊഴിലാളികളുടെ ഇടയിൽ വളരെ അസുഖകരമായിട്ടാണു് കാര്യങ്ങൾ പോകുന്നതെന്നു്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒന്നു പ്രത്യേകം പറയുവാനുണ്ടു്. ട്രാൻസ്പോർട്ടുവകുപ്പു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

ഇന്നൊരു ഡിപ്പാർട്ടുമെൻറ് ആണ്. ജോലിക്കാരെ സംബന്ധിച്ചിടത്തോളം പബ്ലിക് സർവൻറ്സാണ്. ആ വ്യവസ്ഥകളും അവർക്ക് വേണമോ, അതല്ല ലേബർ ലെജിസ്ലേഷൻ അനുസരിച്ചുള്ള അവകാശങ്ങളും വേണോ എന്നു തീരുമാനിക്കണം. ഇപ്പോൾ എന്തു കാര്യമായാലും അക്കൗണ്ടൻറ് ജനറൽ വരെ പോകണം. ഗവണ്മെൻറ് സർവ്വൻറ് എന്ന നിലയിൽ എന്തു് ആനുകൂല്യങ്ങളും ഉണ്ടോ അതൊക്കെ കിട്ടണം. തൊഴിൽപരമായ ആനുകൂല്യങ്ങളും കിട്ടണം. ഇതാണ് അവിടെയുള്ള ബുദ്ധിമുട്ട്. അതുടനെ ഒരു കാർപ്പറേഷനോ മറ്റോ ആക്കി ഗവണ്മെൻറിൻറെ ഒരു ഭാഗമെന്ന നില വിട്ടുകയാണെങ്കിൽ വളരെ പ്രശ്നങ്ങളും അവസാനിക്കും. ശ്രീ. കോരൻ പറയുകയുണ്ടായി ഒരു ബസ്സ് ഒന്നു മുട്ടിയാൽ, അന്വേഷണത്തിനു വിധേയമായി നടപടികളും സ്വീകരിക്കുമെന്ന്. ശ്രദ്ധാപൂർവ്വം ചെയ്തിട്ട് വരുന്ന കാര്യങ്ങളെപ്പറ്റി ഒന്നും പറയാനില്ല. എന്നാൽ, മനഃപൂർവ്വമായ അശ്രദ്ധകൊണ്ട് എന്തെങ്കിലും വന്നാൽ, എന്തുചെയ്യണം? രാജ്യത്തു് ആകമാനം സോഷ്യലിസം ഉണ്ടാകാനുള്ള പരിതഃസ്ഥിതിയെല്ലാം മുറുകിവന്നിട്ടുണ്ട്. അശ്രദ്ധ—മാതൃകയെന്ന നിലയിൽ ഡ്രൈവറന്മാർ എന്തെങ്കിലും തെറ്റു ചെയ്താൽ മിനിസ്റ്റർതന്നെ ആ ഡ്രൈവറെ വിളിച്ചുവരുത്തി ചായ കൊടുത്തു് ഒരു പണക്കിഴിയും കൊടുക്കണമെന്നു പറഞ്ഞാൽ, രേണം എത്രകണ്ടു നന്നാകുമെന്നു ഞാൻ പറയേണ്ടല്ലോ. സ്റ്റോറ് ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം പല യൂണിയനുകളും ഉണ്ട്. ശ്രീ. ബാലചന്ദ്രമേനോൻ പറഞ്ഞു, ഒരു യൂണിയൻറെ ഡിമാൻറ് 38, മറ്റൊരു തിൻറെ 28 എന്നു്. പിന്നെയും വരാം. ഓരോ യൂണിയൻറേയും ഡിമാൻറുകളും ഓരോന്നായിരിക്കും. അപ്പോൾ ഓരോ യൂണിയനേയും വിളിച്ചുവരുത്തി അവരുടെ ഡിമാൻറിനെപ്പറ്റി സംസാരിച്ചു തീരുമാനം എടുക്കണം. അല്ലെങ്കിൽ ആകെയുള്ള ഡിമാൻറുകളും വന്നിട്ട് അതു സോർട്ട് ചെയ്ത് എല്ലാവരേയും കൂട്ടിച്ചേർത്തു് തീരുമാനം എടുക്കണം.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ഭൂരിപക്ഷമുള്ള യൂണിയനെ അംഗീകരിച്ചാൽ ഈ ബുദ്ധിമുട്ട് തീരുമല്ലോ.

ശ്രീ. കെ. ടി. അച്യുതൻ: ഈ ഗവണ്മെൻറ് മുന്നാലു സ്ഥാപനങ്ങളെ സംബന്ധിച്ച് ആ നയം സ്വീകരിച്ചു, മേലിലും യാതൊരു തരത്തിലും കാലതാമസം കൂടാതെ, ആ നയം സ്വീകരിക്കാൻ പോവുകയാണ്. ഈ രാജ്യത്തു് ഓരോ വ്യവസായത്തിനും പത്തും ഇരുപതും യൂണിയനുകളും ഉണ്ട്. അതിൽ നേതാക്കന്മാരും ഉണ്ട്. ശ്രീ. ബാലചന്ദ്ര മേനോൻ പറയുന്ന റെപ്രസൻറേറ്റീവ് യൂണിയൻ ഉണ്ടാക്കുന്നതിനു് മുന്നോട്ടുപോവുകയാണ്. യാതൊരു തടസ്സവും ഉണ്ടാവുകയില്ല. ഇവിടെ റിസവ്വ് കണ്ടക്ടറന്മാരെപ്പറ്റി പറഞ്ഞു. ഒരു മാസം മുഴുവൻ ജോലിചെയ്യാൻ അവസരമില്ലാതെ വരുമ്പോൾ റിസവ്വ് അല്ലാതെ എന്താണ് ചെയ്യുക? ഇപ്പോൾ രണ്ടുമൂന്നു കൊല്ലം സ്ഥിരമായി ജോലി ചെയ്യുവരെ കണക്കാക്കി 300-ഓളം സ്ഥിരം തസ്തികകളും ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ ശ്രീ. ബാലചന്ദ്രമേനോൻറെ യൂണിയനിൽപ്പെട്ട എംപ്ലോയീസ് യൂണിയൻ 40, 45 ദിവസങ്ങളായി സത്യഗ്രഹം നടത്തുകയാണ്. പ്രാധാന്യമുള്ള വളരെ കൊല്ലങ്ങളായി മനഃപൂർവ്വം ഉപേക്ഷ കാണിച്ച എന്നുള്ള തരത്തിൽ ഡിമാൻഡുകളൊന്നും വച്ചിട്ടില്ല. വച്ചിട്ടുള്ള ഡിമാൻഡുകളും കൊല്ലംതോറും പരിശോധിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരിക്കൽ അവരെ വിളിച്ചു, നാളെ വിളിക്കാൻ പോവുകയാണ്. അങ്ങനെ അതിനെപ്പറ്റി ചർച്ചചെയ്യാൻ പോവുകയാണ്. എങ്കിലും എല്ലാ യൂണിറ്റിനെ സംബന്ധിച്ചിടത്തോളവും റെപ്രസൻറേറ്റീവ് യൂണിയൻ ഉണ്ടാക്കേണ്ടതാവശ്യമാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു വർഗ്ഗബോധം പൊതുവെ ഉണ്ടായിരിക്കണമെന്നുള്ള ചിന്താഗതി അവർക്കുണ്ടാകുന്നതു് രാജ്യത്തെ സംബന്ധിച്ചിടത്തോളവും ഒരു നല്ല കാര്യമാണ്. കേന്ദ്രത്തിലാണെങ്കിൽ ലേബർ കോൺഫറൻസിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഇത്തരം തൊഴിലാളി പ്രതിനിധികൾക്കു് പ്രാതിനിധ്യമുണ്ട്. തൊഴിൽ നിയമത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ഭേദഗതികൾ

LIBRARY ARCHIVES Kerala Legislative Assembly